(ബി) എങ്കിൽ ഏതെല്ലാം വിഭാഗങ്ങളിലാണ് സംഖ്യാബലം വർദ്ധിപ്പിക്കുന്നതിന് തീരുമാനിച്ചിട്ടുള്ളതെന്ന് വെളിപ്പെടുത്തുമോ;

(സി) ഓരോ വിഭാഗത്തിലും എത്ര പേരെ വീതമാണ് നിയമനം നടത്താൻ ഉദ്ദേശിക്കുന്നത്;

(ഡി) ഇതിനുള്ള അധികച്ചെലവ് പ്രതിവർഷം എത്രയാകുമെന്ന് വെളിപ്പെടുത്തുമോ?

ഉത്തരം

(എ) ഭരണ നവീകരണ പദ്ധതിയിൽ ഉൾപ്പെടുത്തി സംസ്ഥാനത്തെ തിരഞ്ഞെടുത്ത 57 പോലീസ് സ്റ്റേഷനുകളിൽ ജോലി സമയം 8 മണിക്കൂറാക്കി നിശ്ചയിച്ചതിന്റെ അടിസ്ഥാനത്തിൽ, അത്തരം സ്ഥലങ്ങളിൽ മൂന്നിലൊന്ന് സംഖ്യാബലം വർദ്ധിപ്പിക്കുന്ന കാര്യം സർക്കാരിന്റെ പരിഗണനയിലുണ്ട്.

(ബി) & (സി) തീരുമാനം എടുത്തിട്ടില്ല.

(ഡി) മുൻ ഖണ്ഡിക 'എ' യിൽ വിവരിച്ച പ്രകാരം മൂന്നിലൊന്ന് സംഖ്യാബലം വർദ്ധിപ്പിക്കുന്നതിനുള്ള പ്രൊപ്പോസലിൽ ഉദ്ദേശം പത്ത് കോടി അറുപത്തിരണ്ട് ലക്ഷത്തി എൺപത്തി ഒന്നായിരത്തി നാനൂറ്റി എൺപത്തിയാറ് രൂപയുടെ (10,62,81,486) അധികച്ചെലവ് കണക്കാക്കിയിട്ടുണ്ട്.

പോലീസ് കോൺസ്റ്റബിൾ നിയമനം

144 [104] *ശ്രീ. എം. പ്രകാശൻ മാസ്റ്റർ:* താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഏതെല്ലാം ജില്ലകളിലാണ് പോലീസ് കോൺസ്റ്റബിൾമാരുടെ പി. എസ്. സി. റാങ്ക് ലിസ്റ്റ് നിലവിലുള്ളത്;

(ബി) ഈ റാങ്ക് ലിസ്റ്റുകളുടെ കാലാവധി എപ്പോഴാണ് അവസാനിക്കുന്നത്;

(സി) പി.എസ്.സി. ലിസ്റ്റിൽ അവശേഷിക്കുന്നവരെ കൂടി നിയമിക്കണമെന്ന ആവശ്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ഡി) എങ്കിൽ ഇക്കാര്യം സർക്കാർ പരിഗണിക്കുമോ?

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) തിരുവനന്തപുരം, കൊല്ലം, കോട്ടയം, എറണാകുളം, മലപ്പുറം ജില്ല കളിലാണ് പോലീസ് കോൺസ്റ്റബിൾ റാങ്ക് ലിസ്റ്റ് നിലവിലുള്ളത്.

(ബി) 14-7-2005-ൽ.

(സി) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ഡി) കാലാകാലങ്ങളിൽ ഉണ്ടാകാവുന്ന ഒഴിവുകൾ യഥാസമയം പി.എസ്.സിക്ക് റിപ്പോർട്ട് ചെയ്തു വരുന്നുണ്ട്.

സംസ്ഥാന പോലീസ് സേനയിൽ സ്പോർട്സ് ക്വാട്ടാ നിയമനം

145 [105] *ശ്രീ. തോമസ് ഉണ്ണിയാടൻ:* താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാന പോലീസ് സേനയിൽ സ്പോർട്സ് ക്വാട്ടാ നിയമനം സ്പെഷ്യൽ റൂൾസ് പ്രകാരം ഏതു വിഭാഗത്തിലാണ് നടത്തേണ്ടത്;

(ബി) സ്പെഷ്യൽ റൂൾസിന് വിരുദ്ധമായി ജില്ലാ ആംഡ് റിസർവ്വിൽ സ്പോർട്സ് ക്വാട്ടായിൽ സബ് ഇൻസ്പെക്ടർ ആയി എക്സിക്യൂട്ടീവ് ഓർഡർ പ്രകാരം നിയമനം ലഭിച്ച ആരെങ്കിലും കോട്ടയം ജില്ലാ ആംഡ് റിസർവ്വിൽ ഉണ്ടോ എന്ന് വ്യക്തമാക്കാമോ;

(സി) സ്പെഷ്യൽ റൂൾസിന് വിരുദ്ധമായി കോട്ടയം ജില്ലാ ആംഡ് റിസർവ്വിൽ ജോലിനോക്കുന്നവരെ ആംഡ് പോലീസ് ബറ്റാലിയനിലേക്ക് മാറ്റുന്നതിന് നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) - (സി) വിവരം ശേഖരിച്ചു നൽകുന്നതാണ്.

പോലീസ് സ്റ്റേഷൻ ആക്രമണം

146 [107] *ശ്രീ. കെ. എ. ചന്ദൻ:*
,, *കെ. ബാബു:*
,, *എം. കെ. പോൾസൺ മാസ്റ്റർ:* താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2001 മേയ് മുതൽ ഇതുവരെ എത്ര പോലീസ് സ്റ്റേഷൻ ആക്രമണം ഉണ്ടായിട്ടുണ്ട് എന്ന് കണക്കാക്കിയിട്ടുണ്ടോ;

LIBRARY ARCHIVES Kerala Legislative Assembly